**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 1399 — 31-10-2019 -ൽ മറുപടിക്ക്

**പ്രളയ ദുരിതാശ്വാസത്തിനായി ചെലവഴിച്ച തുക**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.സി.ജോസഫ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയക്കെടുതിയിൽ വീടുകൾ നഷ്ടപ്പെട്ട എത്ര പേർക്ക് എത്ര രൂപ വീതം നഷ്ടപരിഹാരം നൽകിയെന്ന് അറിയിക്കുമോ; | എ) | 15% മുതൽ 100% വരെ വീടുകൾക്ക് നാശനഷ്ടം നേരിടുകയോ, ഭൂമി ഉൾപ്പെടെ വാസയോഗ്യം അല്ലാതായി തീരുകയോ ചെയ്ത 4,12,591 കുടുംബങ്ങൾക്ക് സഹായം നല്കി. ഇതിനായി 2832.34 കോടി രൂപ ചെലവഴിച്ചു. |
| ബി) | വസ്തുവകകൾ, കൃഷിനാശം തുടങ്ങിയ നാശനഷ്ടം സംഭവിച്ചവർക്ക് ഓരോ വിഭാഗത്തിലും ആകെ എത്ര കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്; | ബി) | അടിയന്തിര സഹായമായ 10,000 രൂപ 6,92,966 കുടുംബങ്ങൾക്ക് നല്കി. ഇതിനായി 692.966 കോടി രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിലെ ദുർബലവിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും 500 രൂപ വിലവരുന്ന 3,26,048 അധികം സൗജന്യ ഭക്ഷ്യധാന്യ കിറ്റും ഇതിനായി 16.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. RKLS (Resurgent Kerala Loan) എന്ന പദ്ധതി പ്രകാരം വനിതകൾക്ക്, ഒരു കുടുബത്തിന് 1 ലക്ഷം രൂപ സാമ്പത്തിക സഹായ പദ്ധതി വഴി 11-6-2019 വരെ 1435.14 കോടി രൂപ 1,73,167 കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി 54 കോടി രൂപയും സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡിഷണൽ ഒതോറിസഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും ഉൾപ്പടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 1,52,350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രളയം മൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ് മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക്ക് ടൺ നെൽവിത്ത് കിലോഗ്രാമിന് 40 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് 2260.338 ലക്ഷം രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കി. കൂടാതെ, പച്ചക്കറി |

| | | | |
|---|---|---|---|
| | | | കൃഷിയുടെ പുനരുജീവനത്തിനായി 770 ലക്ഷം രൂപയുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയുള്ള 30 ലക്ഷം തൈകളും കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പുനസ്ഥാപിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട്' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്. പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട് കൂടാതെ, വരൾച്ച മൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും, ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും .മഴ കെടുതി മൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെതിട്ടുണ്ട്. കൂടാതെ, പമ്പ് സെറ്റ്, പെട്ടിയും പറയും എന്നിവ റിപ്പയർ ചെയ്യുന്നതിനു 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉൽപാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനായി 2018-19 ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി. കാലവർഷക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗ സംരക്ഷണം ഉൾപ്പടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ |

| | | | |
|---|---|---|---|
| | | | ഉൾപ്പടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ചെയ്തു. ഇത് കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാണ്. |
| സി) | 2018-ലെ പ്രളയക്കെടുതികളുടെ ദുരിതാശ്വാസത്തിനായി ഇതിനോടകം മൊത്തം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | സി) | 2018-ലെ പ്രളയക്കെടുതികളുടെ ദുരിതാശ്വാസത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2020.95 കോടി രൂപയും (24-10-2019) മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2515.35 കോടി രൂപയും (16.10.2019-വരെ) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ